# കേരള വനം വകുപ്പ്
## തിരുവനന്തപുരം വനം ഡിവിഷൻ

നമ്പർ: റ്റി.എ.- 6610/2017 തീയതി: 29.12.2018.

## തൊണ്ടി ലേല പരസ്യം

തിരുവനന്തപുരം വനം ഡിവിഷന്റെ കീഴിലുള്ള കുളത്തൂപ്പുഴ, പരുത്തിപ്പള്ളി, പാലോട് റെയിഞ്ചുകളിലെ വിവധ വനം കേസ്സുകളിൽപ്പെട്ട തൊണ്ടിസാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ അതാത് റെയിഞ്ചിന് നേരെ കാണിച്ചിട്ടുള്ള തീയതികളിൽ പകൽ 11.00 മണിയ്ക്ക് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ പട്ടികയിൽ കാണിച്ചരിക്കുന്ന സ്ഥലത്തുവച്ച് 11.12.2012-ലെ പ്രൊ(5)-26274/12 നമ്പരായി 25.12.2012-ലെ കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും മറ്റ് നിയമങ്ങൾക്കും വിധേയമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. നിർദ്ദിഷ്ട ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ലേലം നടത്തുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി ഈട്ടി/തേക്ക് തടികൾക്ക് 20,000/- രൂപയും, മറ്റ് തടികൾക്ക് 10000/- രൂപയും, മറ്റ് വനവഭവങ്ങൾക്ക് 2000/- രൂപയും ക്രമത്തിൽ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലത്തിൽ വിളിച്ചിട്ടുള്ള തൊണ്ടി സാധനങ്ങളുടെ വില 20,000/- രൂപയിൽ കവിയുന്ന പക്ഷം ലേല തുകയുടെ 35% അല്ലെങ്കിൽ 20,000/- രൂപ ഇതിൽ ഏതാണോ കൂടുതൽ ആയത് ലേലം കഴിഞ്ഞാലുടൻ കെട്ടിവയ്ക്കേണ്ടതാണ്. എന്നാൽ കോടതി ഉത്തരവനുസരിച്ച് കേസ് നിലവിലിരിക്കെ ലേലം ചെയ്യപ്പെടുന്ന തൊണ്ടി വസ്തുക്കളുടെ മൊത്തം വിലയും നികുതികളും ലേല ദിവസം തന്നെ പണമായി അടയ്ക്കേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന നോട്ടീസിന്റെ തീയതി മുതൽ 40 ദിവസത്തിനകം ബാക്കി മുഴുവൻ ലേലത്തുകയും നിയമാനുസൃത നികുതികളും മൊത്തം സംഖ്യയ്ക്ക് നിലവിൽ പ്രാബല്യത്തിലുള്ള ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായ നികുതിയും ഒടുക്കി ലേലത്തിൽ പിടിച്ചിട്ടുള്ള സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലത്തുക നിശ്ചിത കാലാവധിക്കുള്ളിൽ അടയ്ക്കാതിരുന്നാൽ ലേലം റദ്ദു ചെയ്യുന്നതും ലേലക്കാരൻ അടച്ചിട്ടുള്ള തുക സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും ലേലത്തിൽ പിടിച്ച സാധനങ്ങൾ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്തു വിൽക്കുന്നതുമായിരിക്കും.

അപ്രകാരം വിൽക്കുമ്പോൾ സർക്കാരിന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ അപ്രകാരമുള്ള നഷ്ടം, പരസ്യക്കൂലി മുതലായവ വ്യവസ്ഥകൾക്ക് വിധേയമായി മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, ലാഭം ഉണ്ടാവുകയാണെങ്കിൽ ആയതിന് മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനു മുമ്പായി ലേലത്തിന് വച്ചിട്ടുള്ള സാധനങ്ങളുടെ നിൽപ്പുസ്ഥിതിയും അളവുകളും മറ്റ് വിശദവിവരങ്ങളും കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതും ലേലത്തിന് ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു. ലേലത്തിനു ശേഷം കാലാവസ്ഥ കാരണമോ അഗ്നി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മുതലായ കെടുതികൾ മൂലമോ തടി, വിറക്, മറ്റ് സാധനങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടത്തിനൊ അളവു വ്യത്യസത്തിനോ വനം വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

ലേല വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ ആവശ്യമായി വരുന്ന പക്ഷം ആയത് ലേലത്തിൽ പങ്കെടുക്കുന്നവരെ വായിച്ചു കേൾപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതായിരിക്കും.

**പട്ടിക**

| റെയിഞ്ച് | കുളത്തൂപ്പുഴ | പാലോട് | പരുത്തിപ്പള്ളി |
|---|---|---|---|
| **ലേല സ്ഥലം** | **റെയിഞ്ച് ആഫീസ് കോമ്പൗണ്ട്** | **റെയിഞ്ച് ആഫീസ് കോമ്പൗണ്ട്** | **റെയിഞ്ച് ആഫീസ് കോമ്പൗണ്ട്** |
| **ലേല തീയതികൾ** | 28.01.2019 | 29.01.2019 | 30.01.2019 |
| | 12.02.2019 | 16.02.2019 | 18.02.2019 |
| | 11.03.2019 | 14.03.2019 | 18.03.2019 |
| | 10.04.2019 | 12.04.2019 | 23.04.2019 |
| | 07.05.2019 | 10.05.2019 | 13.05.2019 |
| | 10.06.2019 | 12.06.2019 | 14.06.2019 |
| | 10.07.2019 | 12.07.2019 | 15.07.2019 |
| | 12.08.2019 | 14.08.2019 | 19.08.2019 |
| | 18.09.2019 | 20.09.2019 | 23.09.2019 |
| | 10.10.2019 | 14.10.2019 | 17.10.2019 |
| | 08.11.2019 | 12.11.2019 | 16.11.2019 |
| | 10.12.2019 | 12.12.2019 | 16.12.2019 |

ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അതാത് റെയിഞ്ച് ആഫീസുകളിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്.(ഫോൺ നമ്പർ: കുളത്തൂപ്പുഴ റെയിഞ്ച് - 0475-2317827, പാലോട് റെയിഞ്ച് - 0472 -2842122, പരുത്തിപ്പള്ളി റെയിഞ്ച് - 0472 - 2854022).

ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ,
തിരുവനന്തപുരം,
(കേരള ഗവർണർക്കുവേണ്ടി).
ഡിവിഷണൽ ഫോറസ്റ്റ് ആഫീസ്,
തിരുവനന്തപുരം.